# നമ്മൾ ജീവിക്കുന്നത് ‘അന്ത്യകാലത്തോ?’ (ഭാഗം 2)

*ബൈബിൾ യഥാർഥത്തിൽ എന്തു പഠിപ്പിക്കുന്നു?* പുസ്തകം അധ്യായം 9 ആധാരമാക്കിയുള്ളത്, jw.org-ലും ലഭ്യം.

**ഉദ്ദേശ്യം:** നിങ്ങൾ വിശ്വസിക്കുന്നത് എന്ത്, എന്തുകൊണ്ട് എന്നു കണ്ടെത്തുക, ബൈബിൾ എന്താണ് പഠിപ്പിക്കുന്നത്, അത് മറ്റുള്ളവരോട് എങ്ങനെ പറയാം എന്നും കാണുക.



## “അന്ത്യകാലത്ത്” സംഭവിക്കുന്ന എന്തെങ്കിലും നല്ല കാര്യങ്ങളെക്കുറിച്ച് ബൈബിൾ പറയുന്നുണ്ടോ?—2 തിമൊഥെയൊസ് 3:1.

## 1 നിങ്ങൾ വിശ്വസിക്കുന്നത്...

ഇല്ല എന്നു ചിലർ പറയുന്നത് എന്തുകൊണ്ട്?

ഉവ്വ് എന്നു ചിലർ പറയുന്നത് എന്തുകൊണ്ട്?

എന്താണ് *നിങ്ങൾ* വിശ്വസിക്കുന്നത്?

എന്തുകൊണ്ടാണ് അങ്ങനെ വിശ്വസിക്കുന്നത്?


www.jw.org © 2016 Watch Tower Bible and Tract Society of Pennsylvania

## 2 ബൈബിൾ പഠിപ്പിക്കുന്നത്...

**അന്ത്യകാലത്തു നടക്കുന്ന ചില നല്ല കാര്യങ്ങളെക്കുറിച്ച് ദൈവവചനം മുൻകൂട്ടിപ്പറഞ്ഞു.**
(*ബൈബിൾ പഠിപ്പിക്കുന്നു* പുസ്‌തകം അധ്യായം 9 ഖണ്ഡിക 12-14 കാണുക.)

**ദാനിയേൽ 12:4 വായിക്കുക.**

അന്ത്യകാലത്തു ദൈവജനം തിരുവെഴുത്തുകളെക്കുറിച്ച് കൂടുതൽ ഗ്രാഹ്യം നേടുമെന്ന് ഈ വാക്യം സൂചിപ്പിക്കുന്നത് എങ്ങനെ?

**മത്തായി 24:3, 14; വെളിപാട് 7:9 വായിക്കുക.**

യഹോവയുടെ സാക്ഷികളുടെ പ്രസംഗപ്രവർത്തനം ഈ വാക്യങ്ങൾ നിറവേറ്റുന്നത് എങ്ങനെ?



**അന്ത്യകാലം കഴിഞ്ഞാൽ ഒരു മനുഷ്യനെക്കൊണ്ടും ചെയ്യാൻപറ്റാത്ത കാര്യങ്ങൾ യഹോവ നമുക്കായി ചെയ്യും**


www.jw.org © 2016 Watch Tower Bible and Tract Society of Pennsylvania

## അന്ത്യകാലത്തിനു ശേഷം നല്ല കാര്യങ്ങൾ അരങ്ങേറും.

(*ബൈബിൾ പഠിപ്പിക്കുന്നു* പുസ്‌തകം അധ്യായം 9 ഖണ്ഡിക 15-18 കാണുക.)

**2 തെസ്സലോനികൃർ 1:6-9; വെളിപാട് 21:3-5 വായിക്കുക.**

അന്ത്യകാലത്തിനു ശേഷം ഇന്നത്തെ പ്രശ്‌നങ്ങൾ പൊയ്‌പോയിരിക്കും എന്ന് പറയാവുന്നത് എന്തുകൊണ്ട്?

**ലൂക്കോസ് 21:34-36 വായിക്കുക.**

അന്ത്യകാലത്ത് ‘ഉണർന്നിരിക്കുന്നതുകൊണ്ട്’ നമ്മൾ എങ്ങനെ പ്രയോജനം നേടും?

പഠനസഹായിയിൽ വിശേഷവത്‌കരിച്ചിരിക്കുന്ന ഏതെല്ലാം കാര്യങ്ങളാണ് നിങ്ങളെ പ്രത്യേകാൽ പ്രോത്സാഹിപ്പിക്കുന്നത്?



www.jw.org © 2016 Watch Tower Bible and Tract Society of Pennsylvania

## 3 നിങ്ങൾക്ക് വിശദീകരിക്കാം...

ചിലർ പറഞ്ഞേക്കാം . . .

**കാലക്രമേണ മനുഷ്യർ ഭൂമിയെ പൂർണമായി നശിപ്പിക്കും.**

നിങ്ങൾക്ക് ഇങ്ങനെ പറയാം . . .

**കാര്യങ്ങൾ ആ വഴിക്കാണ് പോകുന്നത് എന്നു തോന്നിയേക്കാം. എന്നാൽ ഭൂമി പൂർണമായി നശിപ്പിക്കപ്പെടുകയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം . . .**

ആ വ്യക്തിക്ക് ഏതു തിരുവെഴുത്ത് കാണിച്ചുകൊടുക്കാം?

വ്യക്തിയുടെ വീക്ഷണം മനസ്സിലാക്കി ആ തിരുവെഴുത്ത് എങ്ങനെ വിശദീകരിക്കാം?

ചിലർ പറഞ്ഞേക്കാം . . .

**ശാസ്ത്രീയവും സാങ്കേതികവും വൈദ്യശാസ്ത്രപരവും ആയ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതോടെ നമ്മൾ ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കും.**

നിങ്ങൾക്ക് ഇങ്ങനെ പറയാം . . .

**ആ മേഖലകളിൽ വളരെ പുരോഗതി കൈവരിച്ചിട്ടുണ്ട്, സത്യമാണ്. എന്നാൽ, *ഒരു* മനുഷ്യനെക്കൊണ്ടും ചെയ്യാൻപറ്റാത്ത മഹത്തായ കാര്യങ്ങൾ ദൈവം ചെയ്യാൻ പോകുകയാണ്. ഉദാഹരണത്തിന്, . . .**

ആ വ്യക്തിക്ക് ഏതു തിരുവെഴുത്ത് കാണിച്ചുകൊടുക്കാം?

വ്യക്തിയുടെ വീക്ഷണം മനസ്സിലാക്കി ആ തിരുവെഴുത്ത് എങ്ങനെ വിശദീകരിക്കാം?


www.jw.org © 2016 Watch Tower Bible and Tract Society of Pennsylvania